ചെന്തുരുണി, എബണി തുടങ്ങിയ മരങ്ങളുടെ പുനരുജ്ജീവനത്തിനും വർദ്ധനവിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ കണക്കെടുപ്പും ക്രമാനുഗതമായ മോണിറ്ററിംഗും നടത്തി വരുന്നുണ്ട്.

വന്യജീവി ആക്രമണത്തിനെതിര ഇൻഷ്വറൻസ് പരിരക്ഷ

116 [2502] ശ്രീ. ഡി. സുഗതൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, സി. പി. മുഹമ്മദ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും, അംഗഭംഗം സംഭവിക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വന്യജീവി ആക്രമണങ്ങൾക്കെതിരെ വനപ്രദേശങ്ങൾക്ക് സമീപത്ത് താമസിക്കുന്നവർക്കും അവരുടെ സ്വത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (സാ.) 41/05/വനം തീയതി 20-1-2005 അനുസരിച്ച് നഷ്ടപരിഹാര തുക താഴെ പറയും പ്രകാരം ആണ്.

മരണപ്പെടുന്നവരുടെ ആശ്രിതർക്ക്	..	50,000 രൂപ
സ്ഥിര അംഗവൈകല്യം	..	25,000 രൂപ
പരുക്ക് പറ്റിയത്	..	പരുക്കിന്റെ ഗൗരവം കണക്കിലെടുത്ത് പരമാവധി 5,000 രൂപ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വനനശീകരണവും വന്യജീവി സംരക്ഷണവും

117 [2503] ശ്രീ. രാജു എബ്രഹാം :
,, കെ. കെ. ജയചന്ദ്രൻ:
,, എ. കെ. ബാലൻ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനസമ്പത്ത് ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനനശീകരണവും വനം കൊള്ളയും കാരണം വനത്തിലെ മൃഗ സമ്പത്തിന് കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ഭാഗത്തെ വനമാണ് സംരക്ഷിത മേഖല യായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരക്ഷിത വനത്തിൽ എന്തുമാത്രം നശീകരണം സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിച്ചി ട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കാട്ടുതീ പടർന്ന് പിടിച്ചതിന്റെ ഫലമായി വനനാശം സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വന്യജീവി സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ പദ്ധതി കളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി കേന്ദ്ര സഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ വനം ഡിവിഷനിലും പത്തു കൊല്ലത്തിലൊരിക്കൽ തയ്യാറാ ക്കുന്ന വർക്കിങ് പ്ലാനുകളിൽ സസ്യ സമ്പത്ത് കണക്കാക്കി രേഖപ്പെടുത്തി വരുന്നുണ്ട്. എല്ലാ വനം ഡിവിഷനിലെയും വർക്കിങ് പ്ളാനുകൾ ഒരുമിച്ചല്ല തയ്യാറാക്കുന്നത്. മൃഗ സമ്പത്ത് നാലു കൊല്ലത്തിലൊരിക്കൽ നടക്കുന്ന സെൻസസ് വഴിയാണ് കണക്കാക്കു ന്നത്. ഏറ്റവും ഒടുവിൽ 2002-ലാണ് സെൻസസ് നടത്തിയത്.

(ബി) വനം/വന്യമൃഗ സമ്പത്തിന് കുറവു വന്നിട്ടില്ല.

(സി) രണ്ട് ദേശീയോദ്യാനങ്ങളടക്കം താഴെപ്പറയുന്ന 14 വന്യജീവി സങ്കേത ങ്ങൾ സംരക്ഷിത മേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

1. പറംപിക്കുളം വന്യമൃഗസങ്കേതം
2. നെയ്യാർ വന്യമൃഗസങ്കേതം
3. വയനാട് വന്യമൃഗസങ്കേതം
4. ഇരവികുളം ദേശീയോദ്യാനം
5. പെരിയാർ ടൈഗർ റിസർവ്
6. സൈലന്റ് വാലി ദേശീയോദ്യാനം
7. ഇടുക്കി വന്യമൃഗസങ്കേതം
8. പീച്ചി-വാഴാനി വന്യമൃഗസങ്കേതം

LIBRARY ARCHIVES Kerala Legislative Assembly

9. പേപ്പാറ വന്യമൃഗസങ്കേതം

10. ശെന്തുരുണി വന്യമൃഗസങ്കേതം

11. ചിമ്മിനി വന്യമൃഗസങ്കേതം

12. ആറളം വന്യമൃഗസങ്കേതം

13. ചിന്നാർ വന്യമൃഗസങ്കേതം

14. തട്ടേക്കാട് പക്ഷിസങ്കേതം

മതികെട്ടാൻ, ആനമുടി, പാമ്പാടുംചോല എന്നിവ ദേശീയോദ്യാനങ്ങളായും മംഗളവനം പക്ഷിസങ്കേതമായും പ്രഖ്യാപിക്കുന്നതിനുള്ള പ്രാരംഭ നോട്ടിഫിക്കേഷൻ ആയിട്ടുണ്ട്. ഇവയും സംരക്ഷണ മേഖലകളായി പ്രഖ്യാപിക്കാനാണ് തീരുമാനം

(ഡി) ഇക്കാലയളവിൽ സംരക്ഷിത വനത്തിൽ നശീകരണം സംഭവിച്ചിട്ടില്ല.

(ഇ) കാട്ടുതീ ഉണ്ടായതിന്റെ ഫലമായി കാര്യമായ വനനാശം സംഭവിച്ചിട്ടില്ല. ഇതുമൂലം അടിക്കാടുകളും പുല്ലുകളും മറ്റുമാണ് കൂടുതലായും കത്തി നശിച്ചിട്ടുള്ളത്. ഈ വർഷം ഫെബ്രുവരി മാസംവരെ 68 സംഭവങ്ങളിലായി 356 ഹെക്ടർ വനം കത്തിയതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയതിന് 13,200 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വന്യജീവി സംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു:

(എ) <u>സംസ്ഥാന പദ്ധതി</u>

1. ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി

(ബി) <u>50% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി</u>

1. പറമ്പിക്കുളം വന്യമൃഗസങ്കേതം

2. നെയ്യാർ വന്യമൃഗസങ്കേതം

3. വയനാട് വന്യമൃഗസങ്കേതം

4. ഇരവികുളം ദേശീയോദ്യാനം

5. പെരിയാർ ടൈഗർ റിസർവ്

6. സൈലന്റ് വാലി ദേശീയോദ്യാനം

7. ഇടുക്കി വന്യമൃഗസങ്കേതം

LIBRARY ARCHIVES Kerala Legislative Assembly

8. പീച്ചി-വാഴാനി വന്യമൃഗസങ്കേതം
9. പേപ്പാറ വന്യമൃഗസങ്കേതം
10. ശെന്തുരുണി വന്യമൃഗസങ്കേതം
11. ചിമ്മിനി വന്യമൃഗസങ്കേതം
12. ആറളം വന്യമൃഗസങ്കേതം
13. ചിന്നാർ വന്യമൃഗസങ്കേതം
14. തട്ടേക്കാട് പക്ഷിസങ്കേതം

(സി) 100% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി

1. പ്രോജക്റ്റ് എലിഫെന്റ്
2. പ്രോജക്റ്റ് ടൈഗർ
3. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്
4. നീലഗിരി ബയോസ്ഫിയർ റിസർവ്

പാലക്കാട് റെയിൽവേ ഡിവിഷന്റെ കീഴിലുള്ള സ്റ്റേഷനുകൾ

118 [2529] ശ്രീമതി രാധാരാഘവൻ :
,, മേഴ്സി രവി :
ശ്രീ. ഇ. എം. അഗസ്തി :
,, ടി. വി. ചന്ദ്രമോഹൻ :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേലം റെയിൽവേ ഡിവിഷൻ ആരംഭിക്കുന്നതോടുകൂടി പാലക്കാട് റെയിൽവേ ഡിവിഷനിൽ ഉൾക്കൊള്ളുന്ന ഏതെല്ലാം സ്റ്റേഷനുകളാണ് സേലം ഡിവിഷനിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) മംഗലാപുരം, ഉള്ളാൽ, നേത്രാവതി, പനമ്പൂർ (തുറമുഖം) എന്നീ സ്റ്റേഷനുകൾ സൗത്ത്, വെസ്റ്റേൺ സോണിൽപ്പെടുത്തുന്നുണ്ടോ;

(സി) സേലം ഡിവിഷൻ രൂപീകരിച്ച്, പാലക്കാട് ഡിവിഷന്റെ കീഴിലുള്ള തമിഴ്നാട്ടിലെ ഭാഗങ്ങൾ സേലം ഡിവിഷനോടും മംഗലാപുരം, ഉള്ളാൽ, നേത്രാവതി, പനമ്പൂർ (തുറമുഖം) എന്നിവ സൗത്ത് വെസ്റ്റേൺ സോണിനോടും ചേർക്കുന്നതോടുകൂടി പാലക്കാട് ഡിവിഷന്റെ പ്രാധാന്യം കുറയുവാനിടയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly